# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1747** **05.02.2019 ലെ മറുപടിയ്ക്ക്**

## കീം പരീക്ഷക്ക് ഗൾഫിൽ പരീക്ഷ കേന്ദ്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കീം പരീക്ഷ നടത്തിപ്പിന് കേരളത്തിന് പുറത്ത് ഏതെല്ലാം കേന്ദ്രങ്ങൾ ഉണ്ട്; വ്യക്തമാക്കാമോ; | (എ) | കീം പരീക്ഷ നടത്തിപ്പിന് കേരളത്തിന് പുറത്ത് മുബൈ, ഡൽഹി, ദുബായ് (യു.എ.ഇ) എന്നിവിടങ്ങളിൽ കേന്ദ്രങ്ങൾ ഉണ്ട്. |
| (ബി) | ഗൾഫിൽ പരീക്ഷ കേന്ദ്രം എന്ന് മുതലാണ് ആരംഭിച്ചത്; ഏതെല്ലാം ഗൾഫ് രാജ്യങ്ങളിൽ പരീക്ഷ കേന്ദ്രം ഉണ്ട്; | (ബി) | 2004 മുതലാണ് ഗൾഫിൽ പരീക്ഷ കേന്ദ്രം ആരംഭിച്ചത്. യു.എ.ഇ യിൽ ദുബായിലാണ് കേന്ദ്രം. |
| (സി) | ഗൾഫ് പരീക്ഷ കേന്ദ്രങ്ങളിൽ 2018 വർഷത്തിൽ പരീക്ഷ നടത്തിപ്പിന് പോയ സെക്രട്ടേറിയറ്റിലെയും എൻട്രൻസ് കമ്മീഷണറേറ്റിലെയും ഉദ്യോഗസ്ഥരെ എയർപോർട്ടിൽ തടഞ്ഞുവച്ച് അറസ്റ്റ് ചെയ്തതായുള്ള വാർത്ത പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് വിശദീകരണം ചോദിച്ചിട്ടുണ്ടോ; ആരെല്ലാം വിശദീകരണം നൽകി എന്നറിയിക്കാമോ; | (ഡി) | അറസ്റ്റ് ചെയ്യപ്പെട്ട ശ്രീ. സുധീർ.എം. എസിന്റെ പക്കൽ നിന്നും വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. എങ്കിലും ശ്രീ. സുധീർ. എം. എസ് ഇക്കാര്യത്തിൽ സർക്കാരിലേയ്ക്ക് സ്വമേധയാ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്. 2018 ദുബായ് കീം നടത്തിപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജയശ്രീ. IAS പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പരീക്ഷ നടത്തിപ്പിന് പോയ ഉദ്യോഗസ്ഥർ ഇപ്പോഴും ആ ചുമതലയിലാണോ; വ്യക്തമാക്കാമോ; സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പരീക്ഷ നടത്തിപ്പിന് പോയിട്ടുണ്ട്; അവർ ഇപ്പോഴും അതെ തസ്തികയിലാണോ ജോലി നോക്കുന്നത്; | (ഇ) | അല്ല. സെക്രട്ടേറിയറ്റിൽ നിന്നും ഇതിനായി നിയോഗിക്കപ്പെട്ടിരുന്ന ശ്രീ.എ.ജയിംസ് രാജ്, ശ്രീ. എം. ജി. രഞ്ജിത്ത് കുമാർ എന്നിവർ ഇപ്പോൾ ഈ വകുപ്പിൽ ജോലി നോക്കുന്നില്ല. ശ്രീ. സുധീരിന്റെ ഡെപ്യൂട്ടേഷൻ റദ്ദാക്കി മാതൃവകുപ്പിലേയ്ക്ക് തിരികെ വിട്ടിട്ടുണ്ട്. കൂടാതെ പരീക്ഷാ നടത്തിപ്പിനു പോയ ശ്രീമതി.എസ്. സംഗീതയുടേയും ഡെപ്യൂട്ടേഷൻ റദ്ദാക്കി മാതൃവകുപ്പിലേയ്ക്ക് വിടുതൽ ചെയ്തു. |
| (എഫ്) | ഇത് സംബന്ധിച്ച് ഇന്ത്യൻ എംബസിയിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ഏതെങ്കിലും കത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കാമോ? | (എഫ്) | ലഭിച്ചിട്ടുണ്ട്. 2018 ദുബായ് കീം പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇന്ത്യൻ കൗൺസിലേറ്റിന്റെ കത്ത് ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**